**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6502** **10-11-2021 - ൽ മറുപടിയ്ക്ക്**

**ആധാർ അധിഷ്ഠിത തണ്ടപ്പേർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആധാർ അധിഷ്ഠിതമായ തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക്ക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ. ഉ (സാധാ) നം. 552/2020/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് യൂണീക്ക് തണ്ടപ്പേർ പ്രോജക്ടിനായി Aadhar Authentication - ഉപയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി കേരളാ സർക്കാരിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ കേന്ദ്ര ഗവൺമെന്റിന്റെ Ministry of Electronics & Information Technology യുടെ അംഗീകാരത്തിനായി പ്രെപ്പോസൽ സമർപ്പിക്കുകയും 23/08/2021 ലെ File No. 13(4)/2020-EG-II(Vol-8) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെന്റിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെമ്മോറാണ്ടത്തിൽ അംഗീകാരം ലഭിച്ചത് സംബന്ധിച്ചുള്ള വിജ്ഞാപനം കേരളാ സർക്കാർ പുറപ്പെടുവിക്കണമെന്ന് നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ആധാർ അധിഷ്ഠിത തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാകുന്നതോടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, തട്ടിപ്പുകൾ, ബിനാമി ഇടപാടുകൾ എന്നിവ അവസാനിപ്പിക്കുന്നതിന് സാധിക്കുമോ എന്ന് വെളിപ്പെടുത്താമോ ; | (ബി) | സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കും. കൂടാതെ ഇതുമൂലം ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂവുടമയുടെ സമ്മതത്തോടെ തന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാവും വിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ആധാർ നമ്പർ ഇല്ലാത്ത ഭൂ ഉടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരുകയും ആധാർ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് ഭൂഉടമയുടെ സമ്മതത്തോടെ തന്നെ തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique IDentification Authority of India (UIDAI) യുടെ അനുവാദ പ്രകാരവും ആധാർ സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്ക് അനുസൃതമായും ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ